ദേശീയപാത 212 വികസിപ്പിക്കുന്നതിന് നടപടി

200 (1928) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയപാത 212 വികസിപ്പിക്കുന്നതു സംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ ;

(ബി) എത്ര മീറ്റർ വീതിയിലാണ് ഈ റോഡ് നിർമ്മിക്കുന്നത് ;

(സി) ഇപ്പോൾത്തന്നെ ഈ റോഡിന് 15 മീറ്റർ മുതൽ 25 മീറ്റർവരെ വീതിയുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എത്ര സ്ഥലങ്ങളിലാണ് ചുങ്കം പിരിക്കുന്നത് ;

(ഇ) എത്ര ഭൂമിയാണ് ഏറ്റെടുക്കേണ്ടിവരികയെന്ന് വ്യക്തമാക്കുമോ ;

(എഫ്) ഇത് സംബന്ധിച്ച ഏതെങ്കിലും പാക്കേജ് തയ്യാറാക്കിയിട്ടുണ്ടോ ?

ഉത്തരം

(എ) ദേശീയപാത 212 കോഴിക്കോട് ജില്ലയിൽ മലാപറമ്പ് മുതൽ വയനാട് ജില്ലയിൽ മുത്തങ്ങവരെ അഭിവൃദ്ധിപ്പെടുത്തുന്നതിന് പി.പി.പി (Public Private Partnership) സ്കീമിൽപ്പെടുത്തി വികസിപ്പിക്കുവാൻ എൻ.എച്ച്.ഡി.പി. ഫേസ് IV-എ-യിൽ ഉൾപ്പെടുത്തി കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയം തീരുമാനിച്ചിട്ടുണ്ട്. ഇതിന് ആവശ്യമായ സാധ്യതാപഠനം നടത്തുന്നതിനുവേണ്ടി M/s Wilber Smith Associates-നെ ചുമതലപ്പെടുത്തുകയും അവർ സാധ്യതാപഠന റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. സ്ഥലമെടുക്കാൻ നടപടി പൂർത്തീകരിച്ച് റോഡിന്റെ അഭിവൃദ്ധിപ്പെടുത്തുന്ന പണികൾ പി.പി.പി.-യിൽ ചെയ്യേണ്ടതായിട്ടുണ്ട്.

(ബി) നിലവിലുള്ള റോഡിൽ സുഗമമായ ഗതാഗതം സാധ്യമാക്കുന്നതിനുവേണ്ടി 12 മീറ്റർ മുതൽ 20 മീറ്റർവരെ വീതിയിലും ബൈപ്പാസുകളിൽ 30 മീറ്റർ വീതിയിലും അഭിവൃദ്ധിപ്പെടുത്താനാണ് സാധ്യതാപഠനത്തിൽ ശുപാർശ ചെയ്തിട്ടുള്ളത്.

(സി) നിലവിലുള്ള റോഡിൽ പല ഭാഗങ്ങളിലും പല വീതിയാണ്. 15 മീറ്ററിൽ കൂടുതലുള്ള ഭാഗങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) സാധ്യതാപഠന റിപ്പോർട്ടിൽ രണ്ട് സ്ഥലങ്ങളിൽ ചുങ്കം പിരിക്കാൻ ശുപാർശ ചെയ്തിട്ടുണ്ട്.

(ഇ) സാധ്യതാപഠന റിപ്പോർട്ട് പ്രകാരം 49.81 ഹെക്ടർ ഭൂമി ഏറ്റെടുക്കേണ്ടതായി വരും. പ്രസ്തുത അലൈൻമെന്റിന് അംഗീകാരം ലഭിക്കേണ്ടതുണ്ട്.

(എഫ്) എൻ.എച്ച്. ഡി.പി. ഫേസ് IV A-ൽ ഉൾപ്പെടുത്തി DBFOT വ്യവസ്ഥയിൽ വികസിപ്പിക്കുന്ന പ്രസ്തുത റോഡിന് വേണ്ടി പ്രത്യേക പാക്കേജ് തയ്യാറാക്കിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly